പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6573 | 08.11.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി കുട്ടികൾക്കായി ഏകീകൃത പാഠ്യപദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ. ദാസൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) സംസ്ഥാനത്തെ അംഗൻവാടി കുട്ടികൾക്കായി ഏകീകൃത പാഠ്യപദ്ധതി രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പാഠ്യപദ്ധതി രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ; ഈ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം പഠനോപകരണങ്ങൾ / പഠന വസ്തുക്കൾ / മെറ്റീരിയലുകൾ തയ്യാറാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; അവയുടെ പകർപ്പ് ലഭ്യമാക്കാമോ;<br>(ബി) അംഗൻവാടി കുട്ടികൾക്കായി പ്രവർത്തന പുസ്തകം, വർക്കർമാർക്കായി കൈപുസ്തകം, തീം ചാർട്ടുകൾ, അനുബന്ധ മെറ്റീരിയലുകൾ എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ; | (എ) & (ബി) സംസ്ഥാനത്തെ അംഗൻവാടി കുട്ടികൾക്കായി ഏകീകൃത പാഠ്യപദ്ധതി രൂപീകരിച്ചിട്ടുണ്ട്. ടി പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ തീം ചാർട്ടുകൾ, കുട്ടികൾക്കുള്ള വർക്ക് ബുക്ക്, കുട്ടികൾക്കുള്ള അസസ്സ്മെന്റ് കാർഡ്, പ്രീ-സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. അവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്. അംഗൻവാടി വർക്കർമാർക്കായി കൈപുസ്തകം, പ്രിന്റിംഗ് സ്റ്റേജിലാണ്, |
| (സി) ഏകീകൃത പാഠ്യപദ്ധതിയടിസ്ഥാനമാക്കി തയ്യാറാക്കിയ കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകം എല്ലാ കുട്ടികൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ കുട്ടികൾക്കും ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ; | (സി) ഏകീകൃത പാഠ്യപദ്ധതിയടിസ്ഥാനമാക്കി തയ്യാറാക്കിയ കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകം എല്ലാ കുട്ടികൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (ഡി) പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ അംഗൻവാടി വർക്കർമാർക്കും ആയമാർക്കും പരിശീലനം ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; അംഗൻവാടി ആയമാർ, വർക്കർമാർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം നൽകാനായി സ്ഥാപിച്ച / പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രങ്ങൾ ഏതെല്ലാം;<br>(ഇ) ഓരോ പരിശീലന കേന്ദ്രത്തിന്റെയും ജില്ല തിരിച്ചുള്ള പട്ടിക, മേൽവിലാസം, ഫോൺ നമ്പർ, ഇ-മെയിൽ, പരിശീലന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുമോ; | (ഡി) & (ഇ) പരിഷ്കരിച്ച പാഠ്യ പദ്ധതി പ്രകാരം സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും പരിശീലകർക്കുള്ള പരിശീലനം (TOT) സംഘടിപ്പിക്കുകയും ഐസിഡിഎസ് പ്രോജക്ട് തലത്തിൽ അങ്കണവാടി പ്രവർത്തകർക്ക് പരിശീലനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അങ്കണവാടി പരിശീലന കേന്ദ്രങ്ങളിലും ടി പാഠ്യപദ്ധതി പ്രകാരം പരിശീലനം നൽകുന്നു. അങ്കണവാടി പരിശീലന കേന്ദ്രത്തിൽ 50 പേർക്ക് ഇരിക്കാവുന്ന ക്ലാസ്സ് റൂം 50 പേർക്കുള്ള കട്ടിൽ മെത്ത, തലയിണ, 50 പേർക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള സൗകര്യം, കിച്ചൺ, ലൈബ്രറി, അവശ്യ സാധനങ്ങൾ സൂക്ഷിക്കാനുള്ള അലമാരകൾ എന്നിവ ഉണ്ടാകും. |

| | |
|---|---|
| | ഓരോ പരിശീലന കേന്ദ്രത്തിന്റെയും ജില്ല തിരിച്ചുള്ള പട്ടിക, മേൽവിലാസം, ഫോൺ നമ്പർ, എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇ-മെയിൽ സൗകര്യം ലഭ്യമല്ല. |
| (എഫ്) പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിലും പരിശീലന മൊഡ്യൂൾ നിർമ്മാണത്തിലും സർക്കാരിതര സംഘടനകൾ പങ്കാളികളാകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എഫ്) പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിൽ സർക്കാരിതര സംഘടനകൾ പങ്കാളികളാണ്. AWTC, തൈയ്ക്കാട്. AWTC, നെയ്യാറ്റിൻകര. AWTC കൊല്ലം, AWTC കോട്ടയം, AWTC എറണാകുളം, AWTC തൃശ്ശൂർ, AWTC പാലക്കാട്, AWTC കോഴിക്കോട്, AWTC കണ്ണൂർ, AWTC കാസർഗോഡ് എന്നീ 10 ട്രെയിനിംഗ് സെന്ററുകൾ സംസ്ഥാന ശിശു ക്ഷേമ സമിതിയുടെ പരിധിയിലാണുള്ളത്. AWTC കൈമനം, ട്രെയിൻഡ് നഴ്സറി ടീച്ചേഴ്സ് സൊസൈറ്റിയുടെ കീഴിലാണുള്ളതാണ്, AWTC പെരുമ്പാവൂർ NSS താലൂക്ക് യൂണിയൻ എറണാകുളത്തിന്റെ പരിധിയിലാണുള്ളതാണ്, AWTC നടക്കാവ്, ദേശീയ മഹിള സമാജത്തിന്റെ പരിധിയിലുള്ളതാണ്, MLTC (മിഡിൽ ലെവൽ ട്രയിനിംഗ് സെന്റർ) എറണാകുളം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിന് കീഴിലാണുള്ളത്. എന്നാൽ മോഡ്യൂൾ നിർമ്മാണം/പരിഷ്ക്കരണം സർക്കാർ സംവിധാനത്തിലാണ് നടക്കുന്നത്. |
| (ജി) പുതിയ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയെന്ന് വിശദമാക്കുമോ? | (ജി) സംസ്ഥാനത്തെ അംഗൻവാടി പ്രവർത്തകരുടെ പരിശീലനത്തിനായി പുതിയ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**അംഗൻവാടി വർക്കർമാർക്കും അംഗൻവാടി ഹെൽപ്പർമാർക്കും പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ**

| ജില്ല | ട്രെയിനിംഗ് സെന്റർ | ഫോൺ നമ്പർ |
|---|---|---|
| തിരുവനന്തപുരം | AWTC, തൈക്കാട്, തിരുവനന്തപുരം | 0471-234939 |
| | AWTC, ഹോസ്പിറ്റൽ ജംഗ്ഷൻ, നെയ്യാറ്റിൻകര, തിരുവനന്തപുരം | 9995196484 |
| | AWTC, കൈമനം. തിരുവനന്തപുരം | 9633189190 |
| കൊല്ലം | AWTC, മുക്കളം, മയ്യനാട്, കൊല്ലം | 9446296508 |
| കോട്ടയം | AWTC, വെട്ടത്തുകവല, പുതുപ്പള്ളി പി.ഒ, കോട്ടയം | 0481- 2463454 |
| എറണാകുളം | AWTC, റിന്യൂവൽ സെന്റർ, കലൂർ, എറണാകുളം | 8301045626 |
| | AWTC, NSS താലൂക്ക് യൂണിയൻ, പെരുമ്പാവൂർ, എറണാകുളം | 0484-2522187 |
| തൃശ്ശൂർ | AWTC, ഒല്ലൂക്കര, തൃശ്ശൂർ | 0487-2370202 |
| പാലക്കാട് | AWTC, പെരുവമ്പ, പാലക്കാട് | 9447921671 |
| കോഴിക്കോട് | AWTC, ചേവായൂർ, കോഴിക്കോട് | 9633598059 |
| | AWTC, നടക്കാവ്, ദേശീയ മഹിള സമാജം, കോഴിക്കോട് | 9495969526 |
| കണ്ണൂർ | AWTC, പിണറായി, കണ്ണൂർ | 9446869775 |
| കാസർഗോഡ് | AWTC, നീലേശ്വരം, കാസർഗോഡ് | 9846556626 |
| MLTC (മിഡിൽ ലെവൽ ട്രയിനിംഗ് സെന്റർ) രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, കളമശ്ശേരി, എറണാകുളം. - **ഐസിഡിഎസ് സൂപ്പർവൈസർമാർക്കായി** പരിശീലനം നൽകുന്ന സ്ഥാപനം. | | 9663321674 |

സെക്ഷൻ ഓഫീസർ